പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1129      01/07/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | 2015-16 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) മധ്യവേനലവധിക്കാലത്തു തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കത്തക്ക വിധം 2014 നവംബർ മാസം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ചുമതലയുള്ള കെ.ബി.പി.എസ്സിന് മാറ്റമില്ലാത്ത പുസ്തകങ്ങളുടെ ടെൻേററ്റീവ് പ്രിൻറ് ഓർഡർ നൽകുകയും ചെയ്തിരുന്നു. മാറ്റമുള്ള ക്ലാസ്സുകളായ 2,4,6,8 ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ ടൈറ്റിലുകളും പാഠ സംഗ്രഹവും ജനവരി മാസം എസ്.സി.ഇ.ആർടി യിൽ നിന്ന് ലഭിച്ച ഉടൻ തന്നെ ജനവരി 2015-ൽ ഐ.ടി സ്കൂളിൽ സ്കൂളുകളിൽ നിന്ന് ലഭിച്ച ഇൻഡൻറും ഉൾക്കൊള്ളിച്ച് ഫൈനൽ പ്രിൻറ് ഓർഡർ കെ.ബി.പി.എസ്സിന് നൽകി. സർക്കാർ സംഘടിപ്പിച്ച ഘട്ടം ഘട്ടമായ ഉന്നതല യോഗങ്ങളിൽ അതാതു സമയത്തെ അച്ചടി , വിതരണം സംബന്ധിച്ച്തടസ്സങ്ങൾ നീക്കി അവലോകനം ചെയ്തിരുന്നു. ജൂലൈ 31 നകം പുസ്തക വിതരണം പൂർത്തിയാക്കുന്നതാണ്, 2015-16 അധ്യയന വർഷത്തേക്കുള്ള ഹയർ സെക്കണ്ടറി 12-ാംക്ലാസ് പാഠപുസ്തകങ്ങൾ 95% വിതരണം പൂർത്തിയാക്കി. 11-ക്ലാസ് പാഠപുസ്തകങ്ങൾ ക്ലാസ് ആരംഭിക്കുന്നതിനു മുമ്പായും വിതരണം പൂർത്തിയാകും. |

| | | | |
|---|---|---|---|
| ബി) | പുതുക്കിയ സിലബസ് അനുസരിച്ച് എത്ര പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത് ; ഇവയുടെ വിതരണം ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ ; | (ബി) | 2,4,6,8 ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് ഈ വർഷം മാറ്റമുള്ളത്. വിതരണത്തിന്റെ ചുമതല കെ.ബി.പി.എസ് , തപാൽ വകുപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. കെ.ബി.പി.എസിൽ നിന്നു ലഭിച്ച വിതരണത്തിന്റെ (Annexure-A) റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു. 2015-16 അധ്യയന വർഷം 12- ാം ക്ലാസിൽ 40 എസ്.സി.ഇ.ആർ.ടി പുസ്തകങ്ങളും 25 എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളും മാറി വരുന്നുണ്ട്. ഇതിൽ 63 പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വിതരണം നടക്കുന്നു. ജൂലൈ 10-നു മുമ്പായി വിതരണം പൂർത്തിയാക്കും. |
| സി) | ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഏതെല്ലാം ക്ലാസ്സുകളിലാണ് നടപ്പിലാക്കുന്നത് ; പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ; | (സി) | ടാബ്ലറ്റ് രൂപത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടില്ല. |
| ഡി) | ഓരോ ജില്ലയിലേയ്ക്കും ഓരോ ക്ലാസ്സിനും ഓരോ വിഷയത്തിനും എത്ര പാഠപുസ്തകങ്ങൾ ആവശ്യമുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്രയെണ്ണം ഓരോ ജില്ലയിലും ലഭ്യമാക്കിയെന്നും വിശദമാ ? | (ഡി) | ഓരോ ജില്ലയ്ക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ റിക്വയർമെന്റും വിതരണം ചെയ്ത വിവരവും അനുബന്ധമായി (B) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്